# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1802 15.07.2016-ലെ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു.ആർ. പ്രദീപ് | ശ്രീ.എ,കെ ബാലൻ (പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) 2011 മുതൽ 2016 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കെതിരെ എത്ര അതിക്രമങ്ങളും പീഡനങ്ങളും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) 2011 മുതൽ 2016 വരെ (07-07-2016 വരെ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കെതിരെ അതിക്രമങ്ങളും പീഡനങ്ങളുമായി ബന്ധപ്പെട്ട് 4335 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) ഇതിൽ കൊലപാതകങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ, പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെ തിരെയുള്ള പീഡനം എന്നിവ എത്ര വീതമാണെന്നും വ്യക്തമാക്കുമോ ; | ബി) ഇതിൽ 20 കൊലപാതക കേസുകളും 1307 സ്ത്രീകൾക്കെതിരെയുള്ള പീഡന കേസുകളും 391 പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെതിരെയുള്ള പീഡന കേസുകളും ഉൾപ്പെടുന്നു. |
| സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | (സി) പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് വേണ്ടി എല്ലാ മാസവും ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗ് നടത്തിവരുന്നു. പ്രസ്തുത മീറ്റിംഗിൽ അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ പുരോഗതി വിലയിരുത്തുകയും കീഴുദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശ ങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ മൂന്നു മാസം കൂടുമ്പോൾ ജില്ലാ |

പോലീസ് മേധാവികളുടെ അദ്ധ്യക്ഷത്തിൽ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് നടത്തുകയും പ്രസ്തുത മീറ്റിംഗിൽ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധികൾ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥർ, എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുക്കുന്നു. ഇത് കൂടാതെ സർക്കിൾ തലത്തിൽ എല്ലാ മാസവും പട്ടികജാതി/ പട്ടികവർഗ്ഗ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യക കമ്മിറ്റികൾ നടത്തുന്നു. ഈ മീറ്റിംഗിൽ പ്രതിനിധികൾ ഉന്നയിക്കുന്ന ആവശ്യങ്ങളിലും പരാതികളിലും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവികളും, ഡി.വൈ. എസ്.പിമാരും ജില്ലകളിലെ പട്ടികജാതി /പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുകയും കുടിവെള്ള വിതരണം, ബോധവത്കരണ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമെ ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ കൂടുന്ന അവലോകന യോഗങ്ങളിൽ കോടതികളിൽ തീർപ്പാക്കാനുള്ള കേസുകളെപ്പറ്റിയും പട്ടികജാതി / പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട മറ്റ് പ്രധാനപ്പെട്ട വിവരങ്ങളും ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളുമായി

ബന്ധപ്പെട്ടുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ ഒരു എസ്.പിയുടെ നേതൃത്വത്തിൽ പോലീസ് ആസ്ഥാനത്ത് ഒരു സെല്ല് രൂപീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന് കീഴിൽ വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് (എസ്.എം.എസ്) പ്രവർത്തിക്കുന്നു പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമം,1989 ചട്ടങ്ങൾ 1995 എന്നീ നിയമങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തി മലയാള ഭാഷയിൽ കൈപ്പുസ്തകം തയ്യാറാക്കി വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമത്തിൻ കീഴിൽ വരുന്ന കേസുകൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ വയനാട്, മഞ്ചേരി, പാലക്കാട് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ജില്ലാ കോടതികളെ പ്രത്യേകം നോട്ടിഫൈ ചെയ്ത് വിചാരണ ദ്രുത ഗതിയിൽ നടത്തുന്നതിനുള്ള സംവിധാനം ഉണ്ട്.

Rashmi

**സെക്ഷൻ ഓഫീസർ**